(സി) സ്കൂൾ അഡ്മിഷന് ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധമാക്കി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ വിദ്യാർത്ഥികളുടെ വിവരങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് (എസ്.എസ്.എൽ.സി.-പരീക്ഷയ്ക്ക് മുൻപ്) പ്രധാനാദ്ധ്യാപകന് അധികാരം നൽകിയിട്ടുണ്ട്. സ്കൂളിൽ നിന്നും പരീക്ഷാഭവനിൽ സമർപ്പിക്കുന്ന 'എ-ലിസ്റ്റിൽ തിരുത്തൽ വരുത്തുന്നതിനും (എസ്.എസ്.എൽ.സി. പരീക്ഷ വരെ) ഹെഡ്മാസ്റ്റർക്ക് അവസരം നൽകിയിട്ടുണ്ട്.

ലബ്ബ കമ്മീഷന്റെ ശുപാർശകൾ

27 (3750) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ലബ്ബ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്മീഷൻ ശുപാർശയിൽ പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കണമെന്ന നിർദ്ദേശം ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുന്നതിനോ, പുനഃക്രമീകരണത്തിലൂടെ തസ്തിക സൃഷ്ടിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലബ്ബ കമ്മീഷന്റെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

അധിക അദ്ധ്യാപകരെ സർവ്വീസിൽ നിലനിർത്തുന്നതിന് നടപടി

28 (3751) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അധിക അദ്ധ്യാപകർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവരെ സർവ്വീസിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജിലെ നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly